# ബി.പി.എം.യു.പി.എസ്
# വെട്ടുതുറ

# അക്കാദമിക
# മാസ്റ്റർപ്ലാൻ

# ആമുഖം

സ്കൂളിന്റെ സമഗ്രമായ വികസനം മുന്നിൽ കണ്ടുകൊണ്ട് ക്ലാസ് തല അക്കാദമിക പ്രവർത്തനങ്ങളെ ആവിഷ്ക്കരിച്ചിരിക്കുന്നു. ക്ലാസിലെ എല്ലാ കുട്ടികളും പ്രക്രിയാശേഷികളും നൈപുണികളും ആർജ്ജിച്ച് നല്ല വ്യക്തികളാകുകയും നേടിയ അറിവ് ജീവിതത്തിൽ തനിക്കും സമൂഹത്തിനും ഉപകരിക്കുന്ന വിധത്തിൽ പ്രാവർത്തികമാക്കുവാനും കഴിയുന്ന വിധത്തിലുള്ള പ്രവർത്തനങ്ങളാണ് ഈ അദ്ധ്യയനവർഷത്തിൽ ആസൂത്രണം ചെയ്തിരിക്കുന്നത്.

# ഉദ്ദേശ്യം

- പരിസ്ഥിതി സൗഹാർദ്ദം കുട്ടികളിൽ വളർത്തിയെടുക്കുക.
- പ്രകൃതിയിൽ നിന്ന് കൂടുതൽ കാര്യങ്ങൾ പഠിക്കുകയും പ്രകൃതിയുടെ സംരക്ഷണ പ്രാധാന്യം മനസ്സിലാക്കുകയും ചെയ്യുന്നു.
- ഇംഗ്ലീഷ്, മലയാളം, ഹിന്ദി എന്നീ ഭാഷകളിലുള്ള ജ്ഞാനം വളർത്തുക.
- ഭാഷകൾ അനായാസം കൈകാര്യം ചെയ്യാൻ പ്രാപ്തരാക്കുക.
- ജ്യാമിതീയ രൂപങ്ങൾ തിരിച്ചറിഞ്ഞ് നിർമ്മിക്കുന്നതിലൂടെ ഗണിതം അനായാസമാക്കുക.
- സമീപ പ്രദേശങ്ങളിലുള്ള ഔഷധസസ്യങ്ങളുടെ പേരും ഉപയോഗവും മനസ്സിലാക്കുന്നു.
- മലയാളം, ഇംഗ്ലീഷ്, ഹിന്ദി തുടങ്ങിയ ഭാഷകളിലുള്ള പുസ്തകവായനയിലൂടെ വായനാശീലം വളർത്തുകയും, സ്വന്തമായി എഴുതുവാനുമുള്ള ശേഷി വികസിപ്പിക്കുക.

# ലക്ഷ്യം

* മലയാളം, ഇംഗ്ലീഷ്, ഹിന്ദി തുടങ്ങിയ ഭാഷകൾ അനായാസം വായിക്കാനും എഴുതുവാനും സംസാരിക്കുവാനുമുള്ള ശേഷിവികസനം സാധ്യമാക്കുക.
* പൊതുജനങ്ങളെ പൊതുവിദ്യാലയത്തിലേയ്ക്ക് ആകൃഷ്ടരാക്കുക.
* ചുറ്റുപാടുള്ള സസ്യങ്ങളിൽ നിന്ന് ഔഷധ സസ്യങ്ങളെ തിരിച്ചറിയുകയും ഉപയോഗം മനസ്സിലാക്കി അവ സംരക്ഷിക്കുവാനും അത്യാവശ്യ ഘട്ടങ്ങളിൽ അവ ഉപയോഗപ്പെടുത്തുകയും ചെയ്യുക.
* മൂന്നു ഭാഷകളിലും (കഥ, കവിത, കുറിപ്പ്,) തുടങ്ങിയവ എഴുതുവാനുള്ള ശേഷി വികസിപ്പിക്കുക. ആത്മവിശ്വാസം വളർത്തുക.
* ഗണിതത്തിനോടുള്ള താൽപര്യം വളർത്തുക

മേഖല : അക്കാദമികം

പ്രവർത്തനപരിപാടിയുടെ പേര് : എന്റെ വാക്ക്

പ്രതീക്ഷിത നേട്ടങ്ങൾ : ഭാഷയിലെ പുതിയ പദങ്ങളിലേക്കുള്ള വികാസം സാധ്യമാക്കുക.

| പ്രവർത്തനം | പ്രവർത്തന ഘട്ടങ്ങൾ | നിർവ്വഹണകാലം | നിർവ്വഹണ ചുമതല | റിമാർക്സ് |
|---|---|---|---|---|
| 1. എന്റെ വാക്ക് | • SRG യിൽ അവതരണം<br>• ചുമതല വിഭജനം<br>• ആഴ്ചയിൽ 2 ദിവസവും [അടിസ്ഥാന പാഠാവലി] യെ ബന്ധപ്പെട്ടുള്ള പഠനത്തെ ആസ്പദമാക്കി ഒരു വാക്കു വീതം പ്രത്യേകം സജ്ജീകരിച്ച ചാർട്ടിൽ സ്റ്റിക്കർ പേപ്പറിൽ എഴുതി ഒട്ടിക്കാൻ അവസരം നൽകുന്നു.<br>• ഇവ ഉപയോഗിച്ച് ഓരോ ആഴ്ചയിലും കേട്ടെഴുത്ത് മത്സരങ്ങൾ സംഘടിപ്പിക്കുന്നു. | ജൂൺ-മാർച്ച് | മലയാളം അധ്യാപിക | |

| പ്രവർത്തനം | പ്രവർത്തന ഘട്ടങ്ങൾ | നിർവ്വഹണ കാലം | നിർവ്വഹണ ചുമതല | റിമാർക്സ് |
|---|---|---|---|---|
| | • എത്രത്തോളം പുതിയ പദങ്ങൾ മനസ്സിലാക്കിയിട്ടുണ്ട് എന്ന് വിലയിരുത്തുന്നു.<br>• പുതിയ പദങ്ങൾ ഉപയോഗിച്ച് വാക്യങ്ങൾ നിർമ്മിക്കുന്നു. | | | |

| ക്രമ നം. | പ്രവർത്തനം | പ്രവർത്തനഘട്ടങ്ങൾ | നിർവ്വഹണ കാലം | ചുമതല | റിമാർക്സ് |
|---|---|---|---|---|---|
| 1. | എന്റെ വാക്ക്. | <u>ഘട്ടം : 1</u><br>ഓരോ ക്ലാസിലെയും (5,6,7) കുട്ടികൾക്ക് ആഴ്ചയിൽ രണ്ട് ദിവസം മലയാളം II (അടിസ്ഥാനപാഠാവലി) പഠിപ്പിക്കുന്നതിൽ നിന്ന് പുതിയ പദങ്ങൾ കണ്ടെത്തി അവർ ചാർട്ട് പേപ്പറിൽ ഒരു സ്റ്റിക്കറിൽ എഴുതി ഒട്ടിക്കുന്നു.<br><u>ഘട്ടം : 2</u><br>എഴുതിയ പുതിയ പദങ്ങൾ എല്ലാവരും ഹൃദ്യസ്ഥമാക്കുന്നു.<br><u>ഘട്ടം : 3</u><br>പുതിയ പദങ്ങളുടെ കേട്ടെഴുത്തു മത്സരം സംഘടിപ്പിക്കുന്നു. | ജൂൺ-മാർച്ച് | മലയാളം അധ്യാപിക | |

| ക്രമ നം. | പ്രവർത്തനം | പ്രവർത്തനഘട്ടങ്ങൾ | നിർവ്വഹണ കാലം | ചുമതല | റിമാർക്സ് |
|---|---|---|---|---|---|
| | | ഘട്ടം: 4<br>പുതിയ പദങ്ങളുടെ അർത്ഥം കണ്ടെത്തുവാൻ ആവശ്യപ്പെടുന്നു.<br><br>ഘട്ടം :- 5<br>പുതിയ പദങ്ങളുടെ അർത്ഥം കണ്ടെത്തി കുട്ടികൾ ചാർട്ട് പേപ്പറിൽ പ്രദർശിപ്പിക്കുന്നു.<br>[Group(5,6,7) → one child]<br><br>ഘട്ടം :- 6<br>ആ കണ്ടെത്തിയ പദങ്ങളുടെ അർത്ഥത്തിന്റെ അടിസ്ഥാനത്തിൽ പദങ്ങൾ ഉപയോഗിച്ച് വാക്യങ്ങൾ നിർമ്മിക്കാൻ ആവശ്യപ്പെടുന്നു. കുട്ടികൾ വാക്യങ്ങൾ നിർമ്മിച്ച് നല്കുന്നു. | | | |

മേഖല : അക്കാദമികം

പ്രവർത്തന പരിപാടിയുടെ പേര് : എന്റെ ആരോഗ്യം - എന്റെ സമ്പത്ത്

പ്രതീക്ഷിത നേട്ടങ്ങൾ – ആധുനിക കാലത്തെ ജീവിതശൈലിയിൽ നിന്ന് ശരിയായ ആഹാരശീലങ്ങൾ പാലിക്കുന്നതിനുള്ള തിരിച്ചറിയൽ.

| ക്രമ നം. | പ്രവർത്തനം | പ്രവർത്തന ഘട്ടങ്ങൾ | നിർവ്വഹണ കാലം | ചുമതല | റിമാർക്സ് |
|---|---|---|---|---|---|
| 1. | എന്റെ ആരോഗ്യം എന്റെ സമ്പത്ത് | · SRG ൽ ചർച്ച<br>· വിവിധയിന ചുമതല വിഭജനം<br>· ആരോഗ്യപ്രവർത്തകരുടെ സാന്നിദ്ധ്യത്തിൽ സെമിനാർ<br>· Video പ്രദർശനം<br>· ആരോഗ്യം കൈവരിക്കാനുള്ള അനുഭവങ്ങൾ നൽകുക.<br>· ലഘുപ്രശ്നങ്ങൾ പരിഹരിക്കുക. | ജൂൺ - മാർച്ച് | ശാസ്ത്രാധ്യാപകർ<br>ആരോഗ്യപ്രവർത്തകർ | |

| ക്രമ. നം. | പ്രവർത്തനം | പ്രവർത്തന ഘട്ടങ്ങൾ | നിർവ്വഹണകാലം | ചുമതല | റിമാർക്ക്സ് |
|---|---|---|---|---|---|
| 1. | എന്റെ ആരോഗ്യം - എന്റെ സമ്പത്ത് | ഘട്ടം :- 1<br>രക്ഷകർത്താക്കളുടെ മീറ്റിംഗ്.<br>- ശരിയായ രീതിയിലുള്ള ആഹാരശീലങ്ങളും - ജീവിതശൈലീരോഗങ്ങളും<br>- സെമിനാർ<br><br>ഘട്ടം : 2<br>കുട്ടികൾക്ക് ശരിയായ ആഹാരശീലങ്ങൾ പാലിക്കേണ്ടതിന്റെ ആവശ്യകതയെക്കുറിച്ച് doctors ന്റെയും diectician ന്റെയും നിർദ്ദേശങ്ങൾ അടങ്ങിയ video പ്രദർശനം. | | ആരോഗ്യപ്രവർത്തകർ<br><br>ശാസ്ത്രാധ്യാപകർ. | |

| ക്രമ നം. | പ്രവർത്തനം | പ്രവർത്തനഘട്ടങ്ങൾ | നിർവ്വഹണം | ചുമതല | റിമാർക്സ് |
| --- | --- | --- | --- | --- | --- |
| | | ഘട്ടം : 3<br>ഇഷ്ടമുള്ള ആഹാരപദാർത്ഥങ്ങൾ മാത്രമാണോ നാം കഴിക്കേണ്ടത് – ചർച്ച<br>- ഗ്രൂപ്പ് അവതരണം<br>- ക്രോഡീകരണം.<br>ഘട്ടം : 4<br>ഏതൊക്കെ ആഹാരപദാർത്ഥങ്ങൾ കഴിക്കേണ്ടതെന്നും കഴിക്കാൻ പാടില്ലാത്ത ഭക്ഷണപദാർത്ഥങ്ങളും അടങ്ങിയ ചാർട്ട് പ്രദർശനം.<br>ഘട്ടം : 5<br>ഏതൊക്കെ ഭക്ഷണപദാർത്ഥങ്ങൾ നമ്മുടെ ആഹാരശീലത്തിൽ ഉൾപ്പെടുത്തിയില്ലെങ്കിൽ ഉണ്ടാകാവുന്ന രോഗങ്ങളുടെ ലിസ്റ്റ് തയ്യാറാക്കുവാൻ | | | |

| ക്രമ നം. | പ്രവർത്തനം | പ്രവർത്തന ഘട്ടങ്ങൾ | നിർവ്വഹണകാലം | ചുമതല | റിമാർക്സ് |
|---|---|---|---|---|---|
| | | ഓരോ കുട്ടിയോടും ആവശ്യപ്പെടുന്നു. – ക്രോഡീകരണം.<br>– ഗ്രൂപ്പിൽ ഒരാൾ വീതം<br><br>ഘട്ടം :- 5<br>ഇതിന്റെ അടിസ്ഥാനത്തിൽ നിങ്ങളുടെ ഓരോ വീട്ടിലെയും അംഗങ്ങൾക്ക് എന്തൊക്കെ ജീവിതശൈലിരോഗങ്ങൾ ഉണ്ടെന്നും എത്ര പേർക്ക് ഉണ്ടെന്നും എഴുതി വരുവാനും അത് ഓരോ ഗ്രൂപ്പിലും ക്രോഡീകരിച്ച് അവതരിപ്പിക്കുവാൻ ആവശ്യപ്പെടുന്നു.<br><br>ഘട്ടം : 6<br>ജീവിതശൈലിരോഗങ്ങൾക്കുള്ള പരിഹാരങ്ങൾ ചർച്ച ചെയ്യാൻ ആവശ്യപ്പെടുന്നു - അത് ഗ്രൂപ്പിൽ തിരിഞ്ഞ് പരിഹാരങ്ങൾ റിപ്പോർട്ട് ആയി അവതരിപ്പിക്കാനാവശ്യപ്പെടുന്നു. | | | |

മേഖല : അക്കാദമികം.

പ്രവർത്തന പരിപാടിയുടെ പേര് : आओ बातें करें ।

പ്രതീക്ഷിത നേട്ടങ്ങൾ : 5,6,7 ക്ലാസുകളിൽ ഹിന്ദി ഭാഷ കൈകാര്യം ചെയ്യുവാനുള്ള ശേഷി കൈവരിക്കുക.

| ക്രമ നം: | പ്രവർത്തനം | പ്രവർത്തന ഘട്ടങ്ങൾ | നിർവ്വഹണ കാലം | ചുമതല | റിമാർക്സ്. |
|---|---|---|---|---|---|
| 1 | आओ बातें करें। | * SRG യിൽ ചർച്ച.<br>* PTA യിൽ അവതരണം.<br>* ഉദ്ഘാടനം - പി.ടി.എ. പ്രസിഡന്റ്.<br>* ചെറുകഥ, കവിത എന്നിവയുടെ ശേഖരണം.<br>* വായനാകാർഡുകൾ അധികവായനയ്ക്കായി നൽകുക.<br>* 5,6,7 ക്ലാസ്സുകൾക്ക് സുരീലി ഹിന്ദിയുടെ ഭാഗമായി പാട്ടുകൾ കേൾക്കുന്നതിലും ഈണത്തിലും പാടുവാനും ക്ലാസുകളെ ക്രമപ്പെടുത്തുന്നു.<br>* ഓരോ നിശ്ചിത സമയത്തിനുള്ളിൽ തന്നെ അവ പഠിച്ച് ക്ലാസ്തലത്തിൽ അവതരിപ്പിക്കുന്നു. | | | |

| | | | | | |
|---|---|---|---|---|---|
| | | * ഹിന്ദി ക്ലബ്ബിന്റെ ആഭിമുഖ്യത്തിൽ 'ഹിന്ദി ഉത്സവ്' എന്ന ക്ലാസ് തലത്തിൽ ശേഖരിച്ച ചെറുകഥകൾ, കവിതകൾ, ചിത്രകഥകൾ എന്നിവ പ്രദർശിപ്പിക്കുന്നു. അതോടൊപ്പം സുരീലി ഹിന്ദിയുടെ പ്രവർത്തനങ്ങളും അവതരണവും നടത്തുന്നു. | | | |

അക്കാദമിക് - മാസ്റ്റർ പ്ലാൻ

മേഖല : അക്കാദമികം.

പ്രവർത്തനപരിപാടിയുടെ പേര് : അറബിക് രുചി

പ്രതീക്ഷിത നേട്ടങ്ങൾ : അറബി അക്ഷരങ്ങൾ അറിയാത്ത കുട്ടികളെ കണ്ടെത്തി അക്ഷരങ്ങൾ പഠിപ്പിക്കുകയും അക്ഷരങ്ങളിലൂടെ വാക്കുകൾ എഴുതാനും വായിക്കാനും പഠിപ്പിക്കുക.

| ക്രമ നം. | പ്രവർത്തനം. | പ്രവർത്തന ഘട്ടങ്ങൾ | നിർവഹണ കാലം | ചുമതല | റിമാർക്സ് |
|---|---|---|---|---|---|
| 1. | അറബിക് രുചി. | • SRG ൽ ചർച്ച<br>• അറബി അക്ഷരങ്ങൾ അറിയാത്ത കുട്ടികളെ കണ്ടെത്തുന്നു<br>• അറബിയിലെ പ്രാഥമിക അക്ഷരങ്ങൾ ചാർട്ടിൽ പ്രദർശിപ്പിക്കുന്നു.<br>• ചിഹ്നങ്ങൾ പഠിപ്പിക്കുന്നു.<br>• ICT ഉപയോഗപ്പെടുത്തി പാട്ടിലൂടെ അക്ഷരങ്ങൾ മനസ്സിലാക്കുകയും അവയെ തിരിച്ചറിയുകയും ചെയ്യുന്നു.<br>• അക്ഷരങ്ങൾ ഉപയോഗിച്ച് വാക്കുകൾ നിർമ്മിക്കുന്നു മറ്റു കുട്ടികൾക്ക് കൈമാറി എല്ലാ കുട്ടികളും വാക്കുകൾ വായിക്കാൻ ശ്രമിക്കുന്നു. | 3 മാസം | അറബിക് അധ്യാപകൻ | |

| ക്ര. നം | പ്രവർത്തനം | പ്രവർത്തന ഘട്ടങ്ങൾ | നിർവ്വഹണ കാലം | ചുമതല | റിമാർക്സ് |
|---|---|---|---|---|---|
| 1. | അറബിക് രുചി | • അറബി അക്ഷരങ്ങൾ അറിയാത്ത കുട്ടികളെ കണ്ടെത്തൽ.<br>• ക്ലാസിലെ എല്ലാ കുട്ടികളോടും അറബി അക്ഷരങ്ങൾ എഴുതാൻ നിർദ്ദേശിക്കുന്നു.<br>• തീരെ അക്ഷരങ്ങൾ എഴുതാത്ത കുട്ടികളെയും ചില അക്ഷരങ്ങൾ മാത്രം എഴുതിയ കുട്ടികളെയും കണ്ടെത്തുന്നു.<br>• കണ്ടെത്തിയ കുട്ടികളെ ഒരു ഗ്രൂപ്പായി തിരിക്കുന്നു.<br><br>* അറബിയിലെ പ്രഥമ അക്ഷരങ്ങൾ ചാർട്ടിൽ പ്രദർശിപ്പിക്കുന്നു.<br>• ഒരു ചാർട്ടിൽ അറബിക് അക്ഷരമാലയിലെ ആദ്യത്തെ അഞ്ച് അക്ഷരങ്ങൾ എഴുതി പ്രദർശിപ്പിക്കുന്നു.<br>• ഒരു ദിവസം ഒന്നോ രണ്ടോ അക്ഷരങ്ങൾ എഴുതിയും വായിച്ചും പഠിപ്പിക്കുന്നു.<br>* ചിഹ്നങ്ങൾ പഠിപ്പിക്കുന്നു.<br>• അറബിക് അക്ഷരമാലയിലെ മുഴുവൻ അക്ഷരങ്ങളും പഠിച്ചതിന് ശേഷം ചിഹ്നങ്ങൾ (ഹറക്കത്തുകൾ) പഠിപ്പിക്കുന്നു<br>• ഒരു ദിവസം ഒരു ചിഹ്നം പഠിക്കുന്നു.<br>• ആ ചിഹ്നം ഉപയോഗിക്കുമ്പോൾ അക്ഷരങ്ങൾക്ക് ഉണ്ടാകുന്ന | ഒരാഴ്ച<br><br><br><br>രണ്ടാഴ്ച<br><br><br><br>ഒരാഴ്ച | അറബിക് അധ്യാപകൻ | |

| പ്രവർത്തന ഘട്ടങ്ങൾ | നിർവ്വഹണ കാലം | ചുമതല | റിമാർക്സ്. |
|---|---|---|---|
| ഭാഗം കുട്ടികൾ മനസ്സിലാക്കുന്നു. | | | |
| • തുടർന്ന് രണ്ടാമത്തെ ചിഹ്നം (ഇകാരം) ഉപയോഗിക്കുമ്പോൾ അക്ഷരങ്ങൾ ഉച്ചരിക്കുമ്പോഴുള്ള വ്യത്യാസം കുട്ടികൾ മനസ്സിലാക്കുന്നു. എല്ലാ അക്ഷരങ്ങളെയും അതുപോലെ ഉപയോഗിക്കാൻ ശ്രമിക്കുന്നു. | രണ്ടാഴ്ച | | |
| • പിന്നീട് മൂന്നാമത്തെ ചിഹ്നം (ഉകാരം) ഉപയോഗിക്കുമ്പോൾ ഉണ്ടാകുന്ന വ്യത്യാസവും മനസ്സിലാക്കുന്നു. | മൂന്നാഴ്ച | | |
| • അക്ഷരങ്ങൾ ഉപയോഗിച്ച് ചെറിയ വാക്കുകൾ (. بَا , بِيْ) എഴുതാനും മനസ്സിലാക്കാനും ശ്രമിക്കുന്നു. | | | |
| * ICT ഉപയോഗപ്പെടുത്തി പാട്ടിലൂടെ അക്ഷരങ്ങൾ മനസ്സിലാക്കുകയും അവയെ തിരിച്ചറിയുകയും ചെയ്യുന്നു | | അറബിക് അധ്യാപകൻ. | |
| • അറബി അക്ഷരങ്ങൾ ഉപയോഗിച്ചുള്ള അക്ഷരപ്പാട്ടുകൾ Youtube ൽ കൂടി കുട്ടികൾ കാണുകയും അവയെ ഉച്ചാരണ ശുദ്ധിയോടെ കേൾക്കുകയും ചെയ്യുന്നു. | രണ്ടാഴ്ച | | |
| • ആവർത്തിച്ചു കേൾക്കുന്നു. കൂടെ പാടുകയും ചെയ്യുന്നു. | | | |
| * അക്ഷരങ്ങൾ ഉപയോഗിച്ച് വാക്കുകൾ നിർമ്മിക്കുന്നു. | | | |
| . അക്ഷര കാർഡുകൾ നിർമ്മിച്ച് അവ ഉപയോഗിച്ച് ചെറിയ പദങ്ങൾ നിർമ്മിക്കുകയും, തെറ്റിപ്പോകുന്നവർക്ക് ശരിയാകുംവരെ അവസരങ്ങൾ നൽകി പഠിപ്പിക്കുന്നു. | രണ്ടാഴ്ച | | |
| • കാണുന്ന അക്ഷരങ്ങൾ നോട്ട് ബുക്കിൽ എഴുതി പരസഹായമില്ലാതെ പിന്നീട് ക്ലാസിൽ വായിക്കുകയും ചെയ്യുന്നു. | | | |

മേഖല : അക്കാദമികം

പ്രവർത്തനപരിപാടിയുടെ പേര്: ഗണിതം മധുരം

പ്രതീക്ഷിതനേട്ടങ്ങൾ

* ഗുണനവസ്തുതകൾ ഉറപ്പിക്കുന്നു
* സ്ഥാനവിലകൾ ഉറപ്പിക്കുന്നു
* ഗണിതപഠനതാത്പര്യം വർദ്ധിപ്പിക്കുന്നു
* പ്രായോഗികപ്രശ്നങ്ങൾ കൈകാര്യം ചെയ്യാൻ ഗണിതാശയങ്ങളെ ഉപയോഗപ്പെടുത്താൻ കുട്ടികളെ പ്രാപ്തരാക്കുന്നു

| ക്രമ നം | പ്രവർത്തനം | പ്രവർത്തന ഘട്ടങ്ങൾ | നിർവ്വഹണ കാലം | ചുമതല | റിമാർക്സ് |
|---|---|---|---|---|---|
| 1 | ഗണിതം മധുരം | * SRG യിൽ ചർച്ച<br>* SMC യിൽ അവതരണം, അംഗീകാരം<br>* ചുമതല വിഭജനം<br>* ICT സാധ്യത ഉപയോഗിച്ച് സങ്കലന, വ്യവകലന വസ്തുതകൾ കുട്ടികളിൽ ഉറപ്പിക്കുന്നു.<br>* ഗുണനപ്പട്ടിക ഹൃദിസ്ഥമാക്കുന്നു.<br>* ഗുണന ഹരണ വസ്തുതകൾ ഉറപ്പിക്കുന്നു. | ജൂൺ - മാർച്ച് | | |

| ക്രമ നം. | പ്രവർത്തനം | പ്രവർത്തന ഘട്ടങ്ങൾ | നിർവ്വഹണ കാലം | ചുമതല | റിമാർക്സ് |
|---|---|---|---|---|---|
| 1 | ഗണിതം മധുരം | * ചതുഷ്ക്രിയകൾ അറിയാത്ത കുട്ടികളെ കണ്ടെത്തൽ<br>• ചതുഷ്ക്രിയകളടങ്ങിയ ആക്ടിവിറ്റി കാർഡുകൾ കുട്ടികൾക്ക് നൽകി അവ നിർദ്ധാരണം ചെയ്യുവാനാവശ്യപ്പെടുന്നു<br>• ക്രിയകളറിയാത്ത കുട്ടികളെ ഗ്രൂപ്പുകളായി തിരിക്കുന്നു.<br>* സങ്കലനവ്യവകലന വസ്തുതകൾ പഠിക്കുന്നു.<br>• ഈർക്കിൽ, മുത്തുകൾ തുടങ്ങിയവ നൽകിയ ശേഷം അവർക്കു ലഭിച്ച ആക്ടിവിറ്റി കാർഡിലെ സംഖ്യകൾക്ക് അനുസൃതമായി മുത്തുകളെണ്ണിയെടുക്കാനും അവ ഉപയോഗിച്ച് സംഖ്യകൾ കൂട്ടുവാനും കുറയ്ക്കുവാനും ആവശ്യപ്പെടുന്നു.<br>• വലിയ സംഖ്യകളുടെ സങ്കലനവും വ്യവകലനവും പഠിക്കുന്നു.<br>* 1,2,3,4,5,10 എന്നീ സംഖ്യകളുടെ ഗുണനപട്ടിക മനസ്സിലാക്കുന്നു<br>• ICT സാധ്യത ഉപയോഗിച്ച് വിവിധതരം പാട്ടിലൂടെയും കളികളിലൂടെയും 1,2,3,4,5,10 എന്നീ സംഖ്യകളുടെ ഗുണനപട്ടിക കുട്ടികൾ പഠിക്കുന്നു | ജൂലൈ - മാർച്ച് | | |